## ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 അവലോകന യോഗത്തിന്റെ മിനിറ്റ്സ്

**2020 ജൂലൈ 01 വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**

ഇന്ന് കേരളത്തിൽ 151 പേർക്ക് കോവിഡ്19 രോഗ ബാധ സ്ഥിരീകരിച്ചു. മലപ്പുറം ജില്ലയിൽ നിന്നും 34 പേർക്കും,കണ്ണൂർ ജില്ലയിൽ നിന്നും 27 പേർക്കും, പാലക്കാട് ജില്ലയിൽ നിന്നും 17 പേർക്കും, തൃശ്ശൂർ ജില്ലയിൽ നിന്നും 16 പേർക്കും, എറണാകുളം ജില്ലയിൽ നിന്നും 12 പേർക്കും, കാസർകോട് ജില്ലയിൽ നിന്നും 10 പേർക്കും, ആലപ്പുഴ ജില്ലയിൽ നിന്നും 8 പേർക്കും, പത്തനംതിട്ട, കോഴിക്കോട് (ഒരാൾ മരണമടഞ്ഞു) ജില്ലകളിൽ നിന്ന് 6 പേർക്ക് വീതവും, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ നിന്ന് 4 പേർക്ക് വീതവും, കൊല്ലം, വയനാട് ജില്ലകളിൽ നിന്ന് 3 പേർക്ക് വീതവും, ഇടുക്കി ജില്ലയിൽ നിന്ന് ഒരാൾക്കുമാണ് ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്. 27.06.20ന് കോഴിക്കോട് ജില്ലയിൽ ആത്മഹത്യ ചെയ്തയാളുടെ പരിശോധനാഫലവും ഇതിൽ ഉൾപ്പെടുന്നു. കോവിഡ് 19 രോഗം സ്ഥിരീകരിച്ച ചികിത്സയിലായിരുന്ന 132 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. നിലവിൽ 2130 പേർ രോഗം സ്ഥിരീകരിച്ച് ചികിത്സയിലാണ്.

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്**

കേരളത്തിൽ ഇതുവരെ 4593 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2130പേർ നിലവിൽ ചികിത്സയിലാണ്. സാമ്പിൾ പോസിറ്റിവിറ്റി 1.8 ശതമാനം ആണ്, ഇന്ന് 151 പേർക്കുരോഗബാധ സ്ഥിരീകരിച്ചു എന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. ഇതിൽ കോഴിക്കോട് ജില്ലയിൽ മരണമടഞ്ഞ ഒരാളുടെ പരിശോധനഫലവും ഉൾപ്പെടുന്നു. 2438 പേർക്ക് രോഗം ഭേദമായി. കേരളത്തിൽ ഇതുവരെ 25 പേരാണ് മരണമടഞ്ഞത്. 4593 കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 4057(88%) കേസുകൾ കേരളത്തിനു പുറത്തുനിന്ന് വന്നവരും 536 (12%)കോൺടാക്ട് വഴിയാണ് രോഗബാധ ഉണ്ടായിട്ടുള്ളത്. കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകൾ 50% പാലക്കാട്, മലപ്പുറം, കണ്ണൂർ, കൊല്ലം, എറണാകുളം ജില്ലകളിൽ നിന്നാണ്. മെയ് നാല് ശേഷം കേരളത്തിൽ റിപ്പോർട്ട് ചെയ്ത കേസുകളിൽ 9 ശതമാനം കേസുകൾ കോൺടാക്ട് ആരോഗ്യ പ്രവർത്തകർ, അിറയപ്പെടാത്ത കേസ്സ് എന്നിവയാണ്. 91% കേസുകൾ കേരളത്തിനു പുറത്തുനിന്ന് വന്നവരാണ്. നിലവിൽ ചികിത്സയിലുള്ളതിൽ 29 പേർ ഐസിയുവിലും നാലുപേർ വെന്റിലെറ്ററിൽ ആണ്. അവസാനത്തെ 14 ദിവസം റിപ്പോർട്ട് ചെയ്ത കേസുകളുടെ കണക്ക് പരിശോധിക്കുകയാണെങ്കിൽ 60% കേസുകൾ പാലക്കാട്, മലപ്പുറം, കൊല്ലം, തൃശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നാണ്. 18729 ആളുകൾ നിലവിൽ ഐസലേഷനിൽ ഉണ്ട് 9161 ആൾക്കാർ ഇന്ന് നിരീക്ഷണത്തിൽ കയറിയിട്ടുള്ളത്. 2839 പേർ ആശുപത്രി നിരീക്ഷണത്തിലാണ്. 290 പേർ ഇന്ന് ആശുപത്രി നിരീക്ഷണത്തിൽ കയറി. കോൺടാക്ടിന്റെ വിവരണവും അദ്ദേഹം നടത്തി. കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 25 മരണങ്ങളിൽ 15 പേർ കേരളത്തിനു പുറത്ത് നിന്ന് വന്നതാണ്. 60 വയസ്സിന്